# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **2263**      17.02.2016-ൽ മറുപടിയ്ക്ക്

## പട്ടികവർഗ്ഗ വിഭാഗത്തിന് ലഭിക്കുന്ന ആനുകൂല്യങ്ങൾ

| ചോദ്യം: | | ഉത്തരം: | |
|---|---|---|---|
| ശ്രീ.ഇ.പി.ജയരാജൻ | | ശ്രീമതി. പി.കെ.ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ലാവുകളും, മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | ഷെഡ്യൂൾഡ് കാസ്റ്റ് ആന്റ് ഷെഡ്യൂൾഡ് ട്രൈബ്സ് ഓർഡേഴ്സ് (അമന്റ്മെന്റ്) ആക്റ്റ് 2002 പ്രകാരം കേരളത്തിലെ അംഗീകരിക്കപ്പെട്ട പട്ടികവർഗ്ഗ/ഗോത്ര വർഗ്ഗ വിഭാഗങ്ങൾ ഏതെല്ലാം; | (എ) | അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള കണ്ണൂർ ജില്ലയിലെ അടിയാൻ സമുദായത്തിൽപ്പെട്ടവർക്ക് പട്ടികവർഗ്ഗ സർട്ടിഫിക്കറ്റും ആനുകൂല്യങ്ങളും നിഷേധിക്കുന്ന റവന്യൂ അധികൃതരുടെ നടപടികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി)<br>(സി)<br>&<br>(ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല; ഭരണഘടനയുടെ പരിച്ഛേദം 341, 342 പ്രകാരം പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള സമുദായങ്ങൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ അനർഹർ തട്ടിയെടുക്കാതെ സംരക്ഷിക്കുന്നതിനു വേണ്ടി 1996-ൽ നിലവിൽ വന്ന കേരള (പട്ടികജാതികളും പട്ടികവർഗ്ഗങ്ങളും) സമുദായ സാക്ഷ്യപത്രങ്ങൾ നൽകൽ ക്രമപ്പെടുത്തൽ നിയമത്തിന്റെ അടിസ്ഥാനത്തിൽ, കണ്ണൂർ ജില്ലയിലെ ഏതാനും പ്രദേശങ്ങളിലെ ചില വ്യക്തികളുടെ പട്ടികവർഗ്ഗ 'അടിയാൻ' അവകാശവാദം സംശയാസ്പദമായതിന്റെ അടിസ്ഥാനത്തിൽ അവരുടെ യഥാർത്ഥ ജാതി സംബന്ധിച്ച് കിർത്താഡ്സിന്റെ വിജിലൻസ് വിഭാഗം അന്വേഷണം നടത്തുകയും ഇവരുടെ പട്ടികവർഗ്ഗ 'അടിയാൻ' അവകാശവാദം വ്യാജമാണെന്ന് കണ്ടെത്തിയിട്ടുമുണ്ട്. ഇതുമായി ബന്ധപ്പെട്ട് ലഭിച്ചിട്ടുള്ള പരാതികൾ 1996-ലെ ആക്റ്റ് പ്രകാരം രൂപീകരിച്ചിട്ടുള്ള സൂക്ഷ്മപരിശോധനാ സമിതി പരിശോധിച്ച് തീരുമാനങ്ങൾ കൈക്കൊണ്ടുവരുന്നു. |
| (സി) | പാർലമെന്റ് പാസ്സാക്കിയ നിയമപ്രകാരം അനുവദിക്കപ്പെട്ടതും അവകാശപ്പെട്ടതുമായ ആനുകൂല്യങ്ങൾ നിഷേധിക്കുന്നത് ഏത് നിയമപ്രകാരമാണ്; ഏതു ഗവൺമെന്റ് ഉത്തരവ് പ്രകാരമാണ്; | | |
| (ഡി) | ഇതുമായി ബന്ധപ്പെട്ട് പട്ടികവർഗ്ഗക്ഷേമ വകുപ്പ് കൈക്കൊണ്ട നടപടികൾ വിശദീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ

## അനുബന്ധം

1. Adiyan
2. Arandan, [Aranadan]
3. Eravallan
4. Hill Pulaya, [Mala Pulayan, Kurumba Pulayan, Karavazhi Pulayan, Pamba Pulayan]
5. Irular, Irulan
6. Kadar [Wayanad Kadar]
7. Kanikaran, Kanikkar
8. Kattunayakan
9. [Kochuvelan]
10. Koraga
11. Kudiya, Melakudi
12. Kurichchan, [Kurichiyan]
13. Kurumans, [Mullu Kuruman, Mulla Kuruman, Mala Kuruman]
14. Kurumbas, [Kurumbar, Kurumban]
15. Maha Malasar
16. Malai Arayan, [Mala Arayan]
17. Malai Pandaram
18. Malai Vedan, [Malavedan]
19. Malakkuravan
20. Malasar
21. [Malayan, Nattu Malayan, Konga Malayan (excluding the areas comprising the Kasaragode, Kannur, Wayanad and Kozhikkode Districts)
22. Malayarayar
23. Mannan (to be spelt in Malayalam script in parenthesis)
24. Marati
25. Mutuvan, Mudugar, Muduvan
26. Palleyan, Palliyan, Palliyar, Paliyan
27. Paniyan
28. Ulladan [Ullatan]
29. Uraly
30. [Mala Vettuvan (in Kasaragod and Kannur districts)]
31. [Ten Kurumban, Jenu Kurumban]
32. [Thachanadan, Thanchanadan Moopan]
33. [Cholanaickan]
34. [Mavilan]
35. [Karimpalan]
36. [Vetta Kuruman]
37. [Mala Panickar]